"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 19(1), 23.01.2025-ലെ 5(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(1) പ്രകാരം റദ്ദു ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ എ)വകുപ്പ്**

സ.ഉ.(സാധാ) നം.635/2026/LSGD    തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- 1. ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 19(1) നമ്പർ തീരുമാനം.

2. ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.01.2025-ലെ 5(1) നമ്പർ തീരുമാനം.

3. ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2025 തീയതിയിലെ 400554/DGAP01/GPO/2025/335 നമ്പർ കത്ത്.

4 27.02.2025-ലെ സ.ഉ (സാധാ) നം. 563/2025/LSGD

5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ റഫറൻസ് 03/25-ലെ 08.01.2026-ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് 6-ാം വാർഡിൽ ആലക്കോട് വില്ലേജിൽ സർവ്വേ നമ്പർ 325/1-1, 325/1-3, 327/1-1 എന്നിവയിൽ ഉൾപ്പെട്ട 96 ആർ 39 ച.മീ സ്ഥലത്ത് ജി2 ഒക്യുപൻസിയിൽ 1196.36 ച.മീ വിസ്തീർണ്ണത്തിലും എ2 ഒക്യുപൻസിയിൽ 275.93 ച.മീ വിസ്തീർണത്തിലും വൈറ്റ് ഓക്ക് പ്ലൈ ഇൻഡസ്ട്രീസ് എന്ന വ്യവസായ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി, പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും സഹിതം സമർപ്പിച്ചിരുന്ന അപേക്ഷയിൽ ആലക്കോട് ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നുവെന്നും ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ടയായി വരികയും, പ്രസ്തുത വ്യവസായ യൂണിറ്റ് നിലവിൽ വന്നാൽ

കുടിവെള്ളം, വായു തുടങ്ങിയവ മലിനപ്പെടുമെന്നും പൊതുജനതാല്പര്യത്തിന് എതിരാണെന്നുമുള്ള കാരണത്താൽ നിർമ്മാണാനുമതി നൽകേണ്ടതില്ലെന്ന് പരാമർശം(2) പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

2) കെട്ടിട നിർമ്മാണ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടെ സമർപ്പിച്ച അപേക്ഷ ആയതിനാലും സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതിനാലും നിർമ്മാണാനുമതി നിഷേധിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിയമപരമായി സാധിക്കുകയില്ലെന്നും പെർമിറ്റ് അനുവദിക്കേണ്ടി വരുമെന്നും കമ്മിറ്റിയിൽ അറിയിച്ചെങ്കിലും കമ്മിറ്റി ടി തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണുണ്ടായതെന്നും തീരുമാനം പുനഃപരിശോധിക്കുന്നതിന് 23.01.2025 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ടയിൽ ടി വിഷയം വീണ്ടും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 30.12.2024 തീയതിയിലെ മുൻ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിച്ചുവെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ടി തീരുമാനങ്ങൾ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ഉണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 19(1), 23.01.2025-ലെ 5(1) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) വകുപ്പ് പ്രകാരം സ്റ്റേ ചെയ്യുകയും ടി തീരുമാനങ്ങൾ സെക്ഷൻ 191(2) പ്രകാരം തദ്ദേസസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യുകയും ചെയ്തിരുന്നു.

4) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം, കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പരിഗണിക്കാൻ അധികാരമുള്ളത് പഞ്ചായത്ത് സെക്രട്ടറിയ്ക്കാണെന്നും ഇത്തരം അപേക്ഷകളിൽ അനുമതി നൽകാനോ നിരസിക്കാനോ ഉള്ള അധികാരം സെക്രട്ടറിയ്ക്കാണെന്നും സെക്രട്ടറിയുടെ തീരുമാനത്തിന്മേലുള്ള അപ്പീൽ അധികാരി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 276(4) പ്രകാരം ട്രൈബ്യൂണലാണെന്നും കെട്ടിടനിർമ്മാണാനുമതി നിഷേധിക്കാനുള്ള നിയമപരമായ അധികാരം പഞ്ചായത്ത് കമ്മിറ്റിയ്ക്കില്ലെന്നും അതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് നിയമസാധുതയില്ലെന്നും സെക്രട്ടറിയിൽ നിക്ഷിപ്തമായ നിയമപരമായ ചുമതലകളിലോ അധികാരങ്ങളിലോ ഇടപെടുന്നതിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 185B പ്രകാരം പഞ്ചായത്ത് കമ്മിറ്റിയെ വിലക്കിയിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ

കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ നിരസിക്കുന്നതിനുള്ള ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.12.2024-ലെ 19(1), 23.01.2025-ലെ 5(1) നമ്പർ തീരുമാനങ്ങൾ നിയമപരമല്ലാത്തതും കമ്മിറ്റിയുടെ അധികാരപരിധിയ്ക്ക് പുറത്തുള്ളതുമാണെന്നും പ്രസ്തുത റഫറൻസിനുള്ള മറുപടിയായി പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ നൽകിയിട്ടുള്ള റിപ്പോർട്ടിൽ പറയുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉപദേശം പരിഗണിച്ച് ഇടുക്കി ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.12.2024-ലെ 19(1), 23.01.2025-ലെ 5(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(1) പ്രകാരം റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം-695035 (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി
പ്രസിഡന്റ്, ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർഎ3/63/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Shini Pereira. V

സെക്ഷൻ ഓഫീസർ

Date: 10-03-2026 18:07:26